# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2661 20.06.2013 -ലെ മറുപടിക്ക്.**

## പുതിയ ഹയർ സെക്കന്ററി സ്കൂളുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ആർ. രാജേഷ് | | ശ്രീ. പി. കെ. അബ്ദുറബ്ബ് (ബഹു: വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുതുതായി ആരംഭിക്കുന്ന ഹയർ സെക്കന്ററി സ്കൂളുകൾക്കാവശ്യമായ നിയമനങ്ങൾ ഉടൻ നടത്തുമോ ; | (എ) | പുതിയ ഹയർസെക്കന്ററി സ്കൂളുകൾ ഇതുവരെയും അനുവദിച്ചിട്ടില്ല. ആയതിനുശേഷം മാത്രമേ ഇക്കാര്യം പരിശോധിക്കുകയുള്ളൂ. |
| (ബി) | കഴിഞ്ഞ വർഷം അനുവദിച്ച ഹയർസെക്കന്ററി ബാച്ചുകൾ എത്ര; ഇവയിൽ അധ്യാപക തസ്തികകൾക്ക് അനുവാദം നൽകിയോ? | (ബി) | 2012-13 അദ്ധ്യയന വർഷത്തേയ്ക്ക് മാത്രമായി 30 സർക്കാർ ഹയർസെക്കന്ററി സ്കൂളുകളിൽ സ.ഉ (എം.എസ്) നം. 272/12/പൊവി തീയതി 07/09/2012 പ്രകാരം 32 അധിക ബാച്ചുകൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ അപ്പോൾ നിലവിലുണ്ടായിരുന്ന അദ്ധ്യാപകരുടെ അപര്യാപ്തത അനുഭവപ്പെടുന്ന പക്ഷം താത്കാലിക അദ്ധ്യാപകരെ നിയമിക്കുവാനുള്ള വ്യവസ്ഥയാണ് മേൽ പ്രസ്താവിച്ച ഉത്തരവിൽ ഉണ്ടായിരുന്നത്. കൂടാതെ 5 എയ്ഡഡ് സ്കൂളുകളിൽ 2012-2013 അദ്ധ്യയന വർഷം പത്ത് ബാച്ചുകൾ അനുവദിക്കുകയുണ്ടായി. പ്രസ്തുത ബാച്ചുകളിലെ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശുപാർശ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ